**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2641** **19. 7.11 ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മറൈൻ എൻജിനീയറിംഗ് കോളേജ്**

**ചോദ്യം**

ശ്രീ. പി.ബി.അബ്ദുൾ റസാക്

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മറൈൻ എൻജിനീയറിംഗ് കോളേജ് ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ അധീനതയിൽ മറൈൻ എൻജിനീയറിംഗ് കോളേജ് എന്ന പേരിൽ ഒരു സ്ഥാപനം നിലവിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ മീഞ്ചയിൽ തുറമുഖ വകുപ്പിന്റെ കീഴിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. |
| ബി | പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മീഞ്ച പഞ്ചായത്തിൽ സ്ഥലം കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മീഞ്ച പഞ്ചായത്തിൽ സ്ഥലം പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്. |
| സി | പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ? | സി | കെട്ടിടം പണിയുന്നതിനായി പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിൽ നിന്നും തുറമുഖ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**